**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3477** **15-02-2024 - ൽ മറുപടിയ്ക്ക്**

**1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിന്റെ ലംഘനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 1959- ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്റ്റ് പ്രകാരം എല്ലാ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനെ അറിയിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എൻഫോഴ്സ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാസ്ഥാപനങ്ങൾ/ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെന്ന് ഉറപ്പാക്കുന്നതിനായി ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ / എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രതിമാസ സ്ഥാപന പരിശോധന നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | എങ്കിൽ പ്രസ്തുത ആക്റ്റിന്റെ ലംഘനം നടന്ന എൻ. എച്ച്. എം.-ൽ എൻഫോഴ്സ്മെൻറ് ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; | (ബി) | ആരോഗ്യ വകുപ്പിലെ വിവിധ പദ്ധതികളിലേക്ക് എംപ്ലോയ്മെന്റ് വഴിയല്ലാതെ താത്കാലിക നിയമനങ്ങൾ നടത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും, ഉദ്യോഗാർത്ഥികളുടെ പരാതികളിന്മേലും ആരോഗ്യ വകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് ചുമതല നൽകുകയും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ട് പരിശോധിച്ചതിൽ ആരോഗ്യ |

| | | | |
|---|---|---|---|
| | | | വകുപ്പിലെ നാഷണൽ ഹെൽത്ത് മിഷൻ, KHRWS, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികൾ, വിവിധ പ്ലാൻ പ്രോജക്ടുകൾ തുടങ്ങിയവയിലൂടെ വിവിധങ്ങളായ തസ്തികകളിൽ അനേകം ജീവനക്കാർ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. വകുപ്പിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ, സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ എല്ലാ ഉദ്യോഗാർത്ഥികൾക്കും ലഭ്യമാകത്തക്ക രീതിയിൽ ആവശ്യമായ പരിശീലനങ്ങൾ നൽകി മാതൃകാപരമായ പ്രവർത്തനം നടത്തി വരുകയാണ്. ആയതിനാൽ ആരോഗ്യ വകുപ്പിലെ നാഷണൽ ഹെൽത്ത് മിഷൻ, KHRWS, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വിവിധ പ്ലാൻ പ്രോജക്ടുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകളുടെ ഉൾപ്പെടെ സേവനം പ്രയോജനപ്പെടുത്തുന്ന തരത്തിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ, തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നിയമനം നടത്തിയ എൻ. എച്ച്. എം.-ലെ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ആരോഗ്യ വകുപ്പിലെ വിവിധ പദ്ധതികളിലേക്ക് എംപ്ലോയ്മെന്റ് വഴിയല്ലാതെ താത്കാലിക നിയമനങ്ങൾ നടത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും, ഉദ്യോഗാർത്ഥികളുടെ പരാതികളിന്മേലും ആരോഗ്യ വകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് ചുമതല നൽകുകയും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ട് പരിശോധിച്ചതിൽ ആരോഗ്യ വകുപ്പിലെ നാഷണൽ ഹെൽത്ത് മിഷൻ, KHRWS, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികൾ, വിവിധ പ്ലാൻ പ്രോജക്ടുകൾ തുടങ്ങിയവയിലൂടെ വിവിധങ്ങളായ തസ്തികകളിൽ അനേകം ജീവനക്കാർ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. വകുപ്പിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ, സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ എല്ലാ ഉദ്യോഗാർത്ഥികൾക്കും ലഭ്യമാകത്തക്ക രീതിയിൽ ആവശ്യമായ പരിശീലനങ്ങൾ നൽകി മാതൃകാപരമായ പ്രവർത്തനം നടത്തി വരുകയാണ്. ആയതിനാൽ |

| | | | |
|---|---|---|---|
| | | | ആരോഗ്യ വകുപ്പിലെ നാഷണൽ ഹെൽത്ത് മിഷൻ, KHRWS, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വിവിധ പ്ലാൻ പ്രോജക്ടുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമനങ്ങൾ എംപ്ലോയബിലിറ്റി സെന്റുകളുടെ ഉൾപ്പെടെ സേവനം പ്രയോജനപ്പെടുത്തുന്ന തരത്തിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ, തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ